കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# അന്വേഷണ വിചാരണ കമ്മീഷൻസ് ആക്ററ്, 1952

(1952-ലെ 60-ാം ആക്ററ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി
കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം
ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1976

വില : 0-50

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# അന്വേഷണ വിചാരണ കമ്മീഷർസ് ആക്റ്റ്, 1952

(1952-ലെ 60-ാം ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# അന്വേഷണ വിചാരണ കമ്മീഷൻസ് ആക്ററ്, 1952

(1952-ലെ 60-ാം ആക്ററ്)

അന്വേഷണവിചാരണ കമ്മീഷനുകളെ നിയമിക്കുകയും അങ്ങനെയുള്ള കമ്മീഷനുകളിൽ ചില അധികാരങ്ങൾ നിക്ഷിപ്തമാക്കുകയും ചെയ്യുന്നതിന് വ്യവസ്ഥ ചെയ്യാനുള്ള ആക്ററ്.

[1952 ആഗസ്ററ്, 14]

പാർലമെൻററ് താഴെപ്പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :—

1. ചുരുക്കപ്പേരും, വ്യാപ്തിയും പ്രാരംഭവും :—(1) ഈ ആക്ററിന്, അന്വേഷണവിചാരണ കമ്മീഷൻസ് ആക്ററ്, 1952 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്:

എന്നാൽ ഇത് ജമ്മു–കാശ്മീർ സ്റേററിന് ബാധകമാകുന്നത്, ആ സ്റേററിന് ബാധകമായ പ്രകാരമുള്ള ഭരണഘടനയുടെ ഏഴാം പട്ടികയിൽ I-ാം ലിസ്ററിലോ III-ാം ലിസ്ററിലോ എണ്ണിപ്പറഞ്ഞിട്ടുള്ള ഏതെങ്കിലും ഉൾക്കുറിപ്പുകളുമായി ബന്ധപ്പെടാവുന്ന വിഷയങ്ങളെക്കുറിച്ചുള്ള അന്വേഷണവിചാരണകളെ സംബന്ധിക്കുന്നിടത്തോളം മാത്രം ആയിരിക്കുന്നതാണ്.

(3) ഇത് കേന്ദ്രഗവൺമെൻററ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. നിർവ്വചനങ്ങൾ.—സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം ഈ ആക്ററിൽ,—

(ക) ''സമുചിത ഗവൺമെൻറ്''ന്,

(i) ഭരണഘടനയിലെ ഏഴാംപട്ടിക I-ാം ലിസ്ററിലോ II-ാം ലിസ്ററിലോ III-ാം ലിസ്ററിലോ എണ്ണിപ്പറഞ്ഞിട്ടുള്ള ഏതെങ്കിലും ഉൾക്കുറിപ്പുകളുമായി ബന്ധിക്കപ്പെടാവുന്ന ഏതെങ്കിലും വിഷയത്തിൽ അന്വേഷണ വിചാരണ നടത്തുന്നതിന് നിയമിക്കപ്പെട്ട ഒരു കമ്മീഷനെ സംബന്ധിച്ച് കേന്ദ്രഗവൺമെൻറ് എന്നും;

(ii) ഭരണഘടനയിലെ ഏഴാംപട്ടിക II-ാം ലിസ്ററിലോ III-ാം ലിസ്ററിലോ എണ്ണിപ്പറഞ്ഞിട്ടുള്ള ഏതെങ്കിലും ഉൾക്കുറിപ്പുമായി ബന്ധിക്കപ്പെടാവുന്ന ഏതെങ്കിലും വിഷയത്തിൽ അന്വേഷണ വിചാരണ നടത്തുന്നതിന് നിയമിക്കപ്പെട്ട ഒരു കമ്മീഷനെ സംബന്ധിച്ച്, സ്റേററ് ഗവൺമെൻററ് എന്നും,

അർത്ഥമാകുന്നു:

എന്നാൽ ജമ്മു–കാശ്മീർ സ്റേററ് സംബന്ധിച്ച് ഈ ഖണ്ഡത്തിന് താഴെപറയുന്ന രൂപഭേദത്തിന് വിധേയമായി പ്രഭാവമുണ്ടായിരിക്കുന്നതാണ്.—

(ക) അതിലെ (i)-ാം ഉപഖണ്ഡത്തിൽ, "ഭരണഘടനയിലെ ഏഴാം പട്ടിക I-ാം ലിസ്ററിലോ II-ാം ലിസ്ററിലോ III-ാം ലിസ്ററിലോ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "ജമ്മു–കാശ്മീർ സ്റേററിന് ബാധകമായ പ്രകാരമുള്ള, ഭരണഘടനയിലെ ഏഴാംപട്ടിക I-ാം ലിസ്ററിലോ, III-ാം ലിസ്ററിലോ" എന്നവാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

(ഖ) അതിലെ (ii)-ാം ഉപഖണ്ഡത്തിൽ, "ഭരണഘടനയിലെ ഏഴാം പട്ടിക II-ാം ലിസ്ററിലോ III-ാം ലിസ്ററിലോ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "ജമ്മു–കാശ്മീർ സ്റേററിന് ബാധകമായ പ്രകാരമുള്ള, ഭരണഘടനയിലെ ഏഴാംപട്ടിക III-ാം ലിസ്ററിൽ" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

(ഖ) "കമ്മീഷന്" 3-ാംവകുപ്പിൻകീഴിൽ നിയമിക്കപ്പെട്ട ഒരു അന്വേഷണവിചാരണ കമ്മീഷൻ എന്നർത്ഥമാകുന്നു,

(ഗ) "നിർണ്ണയിക്കപ്പെട്ട" എന്നതിന് ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

2 ക. ജമ്മു–കാശ്മീർ സ്റേററിൽ പ്രാബല്യത്തിലില്ലാത്ത നിയമങ്ങൾ സംബന്ധിച്ച പരാമർശങ്ങൾക്ക് അർത്ഥം കല്പിക്കുന്നത്.—ഈ ആക്ററിൽ, ജമ്മു–കാശ്മീർ സ്റേററിൽ പ്രാബല്യത്തിലില്ലാത്ത നിയമം സംബന്ധിച്ച ഏതെങ്കിലും പരാമർശത്തിന്, ആ സ്റേററിനെ സംബന്ധിച്ച്, ആ സ്റേററിൽ പ്രാബല്യത്തിലുള്ള തൽസ്ഥാനീയ നിയമം വല്ലതുമുണ്ടെങ്കിൽ, അതിനെക്കുറിച്ചുള്ള പരാമർശമായി അർത്ഥം കല്പിക്കപ്പെടുന്നതാകുന്നു.

3. കമ്മീഷന്റെ നിയമനം.—(1) അന്വേഷണവിചാരണ കമ്മീഷനെ നിയമിക്കേണ്ടതാണെന്ന് സമുചിത ഗവൺമെൻറിന് അഭിപ്രായമുണ്ടെങ്കിൽ, അതിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, പൊതുപ്രാധാന്യമുള്ള ഏതെങ്കിലും നിശ്ചിത വിഷയത്തെക്കുറിച്ച് അന്വേഷണ വിചാരണ നടത്തുവാനും, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന ചുമതലകൾ വിനിർദ്ദിഷ്ട സമയത്തിനുള്ളിൽ നിർവ്വഹിക്കുവാനുംവേണ്ടി ഒരു അന്വേഷണ വിചാരണക്കമ്മീഷനെ നിയമിക്കാവുന്നതും, അതതുസംഗതിപോലെ, ലോകസഭയോ, സ്റേററ് നിയമസഭയോ ഇതിലേയ്ക്ക് ഒരു പ്രമേയം പാസ്സാക്കിയിട്ടുണ്ടെങ്കിൽ, സമുചിത ഗവൺമെൻറ് അങ്ങനെ നിയമിക്കേണ്ടതും, അങ്ങനെ നിയമിക്കപ്പെട്ട കമ്മീഷൻ അതനുസരിച്ച് അന്വേഷണ വിചാരണ നടത്തുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതും ആകുന്നു:

എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും കമ്മീഷൻ ഏതെങ്കിലും വിഷയത്തിൽ അന്വേഷണ വിചാരണ നടത്താൻ നിയമിക്കപ്പെട്ടിട്ടുള്ളിടത്ത്.—

(ക) അത് കേന്ദ്രഗവൺമെൻറിനാലാണെങ്കിൽ യാതൊരു സ്റേററ് ഗവൺമെൻറും, കേന്ദ്ര ഗവൺമെൻറിന്റെ അംഗീകാരം കൂടാതെ കേന്ദ്ര ഗവൺമെൻറ് നിയമിച്ച കമ്മീഷൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നിടത്തോളം, അതേ വിഷയത്തിൽ അന്വേഷണ വിചാരണ നടത്തുവാൻ മറെറാരു കമ്മീഷനെ നിയമിക്കുവാൻ പാടുള്ളതല്ല.

(ഖ) അത് ഒരു സ്റേററ് ഗവൺമെൻറിനാലാണെങ്കിൽ, അന്വേഷണ പരിധി രണ്ടോ അതിലധികമോ സ്റേററുകളിലേക്ക് വ്യാപിപ്പിക്കേണ്ടതാണെന്ന് കേന്ദ്ര ഗവൺമെൻറിന് അഭിപ്രായമില്ലാത്തപക്ഷം, അതിന് സ്റേററ് ഗവൺമെൻറ് നിയമിച്ച കമ്മീഷൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നിടത്തോളം അതേ വിഷയം അന്വേഷണ വിചാരണ നടത്തുവാൻ, മറെറാരു കമ്മീഷനെ നിയമിക്കുവാൻ പാടുള്ളതല്ല.

(2) കമ്മീഷനിൽ സമുചിത ഗവൺമെൻറിനാൽ നിയമിക്കപ്പെട്ട ഒന്നോ അതിലധികമോ അംഗങ്ങൾ അടങ്ങിയിരിക്കാവുന്നതും, ഒന്നിലധികം അംഗങ്ങൾ അടങ്ങിയിരിക്കുന്നിടത്ത്, അവരിൽ ഒരാളെ അതിൻെറ ചെയർമാനായി നിയമിക്കാവുന്നതും ആണ്.

(3) സമുചിത ഗവൺമെൻറിന്, കമ്മീഷനിലെ (ഒരംഗം അടങ്ങിയതോ ഒന്നിലധികം അംഗങ്ങൾ അടങ്ങിയതോ ആയാലും) അംഗത്തിൻെറ ഉദ്യോഗത്തിൽ ഉണ്ടാകുന്ന ഏതെങ്കിലും ഒഴിവ്, കമ്മീഷൻെറ അന്വേഷണ വിചാരണയുടെ ഏതു ഘട്ടത്തിലും നികത്താവുന്നതാണ്.

(4) (1)-ാം ഉപവകുപ്പിൻകീഴിൽ കമ്മീഷൻ നടത്തിയ അന്വേഷണ വിചാരണയിൻമേലുള്ള റിപ്പോർട്ട്, അങ്ങനെ വല്ലതുമുണ്ടെങ്കിൽ, അതിൻമേൽ എടുത്തിട്ടുള്ള നടപടിയുടെ ഒരു മെമ്മോറാണ്ടത്തോടുകൂടി, സമുചിത ഗവൺമെൻറ് അതിന് കമ്മീഷൻ ആ റിപ്പോർട്ട് സമർപ്പിക്കുന്നതിൻെറ ആറു മാസത്തിനകം, അതതു സംഗതിപോലെ, ലോകസഭയുടേയോ സ്റേററ് നിയമസഭയുടേയോ മുമ്പാകെ വയ്പിക്കേണ്ടതാകുന്നു.

4. കമ്മീഷൻെറ അധികാരങ്ങൾ.—കമ്മീഷന് താഴെപ്പറയുന്ന സംഗതികൾ സംബന്ധിച്ച് ഒരു സിവിൽകോടതിക്ക് സിവിൽനടപടി നിയമസംഹിത 1908 (1908-ലെ 7)-ൻ കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ, ഉണ്ടായിരിക്കുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.
അതായത്:—

(ക) ഇൻഡ്യയുടെ ഏതെങ്കിലും ഭാഗത്തുനിന്ന് ഏതെങ്കിലും ആളെ സമൺ ചെയ്യുകയും അയാളെ ഹാജരാക്കിക്കുകയും അയാളെ ശപഥത്തിൻമേൽ വിസ്തരിക്കുകയും ചെയ്യുന്നത്,

(ഖ) ഏതെങ്കിലും രേഖ വെളിപ്പെടുത്തുവാനും ഹാജരാക്കുവാനും ആവശ്യപ്പെടുന്നത്,

(ഗ) സത്യവാങ്മൂലങ്ങളിൻമേൽ തെളിവ് സ്വീകരിക്കുന്നത്,

(ഘ) ഏതെങ്കിലും കോടതിയിൽനിന്നോ ആഫീസിൽനിന്നോ ഏതെങ്കിലും പബ്ലിക് റിക്കാർഡോ അതിൻെറ ഏതെങ്കിലും പകർപ്പോ ആവശ്യപ്പെടുന്നത്,

(ങ) സാക്ഷികളെ വിസ്തരിക്കുന്നതിനോ രേഖകൾ പരിശോധിക്കുന്നതിനോ കമ്മിഷനുകളെ നിയമിക്കുന്നത്,

(ച) നിർണ്ണയിക്കപ്പെടുന്ന മറേറതെങ്കിലും വിഷയം.

5. കമ്മീഷൻെറ കൂടുതൽ അധികാരങ്ങൾ.— (1) നടത്താനുള്ള അന്വേഷണ വിചാരണയുടെ പ്രകൃതവും, ആ സംഗതിയുടെ മററ് പരിതഃസ്ഥിതികളും പരിഗണിച്ചുകൊണ്ട്, സമുചിത ഗവൺമെൻറിന് (2)-ാം ഉപവകുപ്പിലേയോ (3)-ാം ഉപവകുപ്പിലേയോ (4)-ാം ഉപവകുപ്പിലേയോ (5)-ാം ഉപവകുപ്പിലേയോ

എല്ലാ വ്യവസ്ഥകളുമോ അവയിൽ ഏതെങ്കിലുമോ കമ്മീഷന് ബാധകമാക്കേണ്ടതാണെന്ന് അഭിപ്രായമുള്ളിടത്ത്, അതിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, മുൻപറഞ്ഞ എല്ലാ വ്യവസ്ഥകളുമോ, അവയിൽ വിജ്ഞാപനം വിനിർദ്ദേശിക്കുന്ന വ്യവസ്ഥകളോ, കമ്മിഷന് ബാധകമാകുന്നതാണെന്ന് നിദേശിക്കാവുന്നതും, അങ്ങനെ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിൻമേൽ അതനുസരിച്ച് മുൻപറഞ്ഞ വ്യവസ്ഥകൾ ബാധകമാകുന്നതും ആണ്.

(2) കമ്മീഷന്, ഏതെങ്കിലും ആളോട്, അയാൾ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും വിശേഷാവകാശത്തിന് വിധേയമായി, അന്വേഷണ വിചാരണയുടെ വിഷയത്തിന് ഉപയോഗപ്രദമായതോ പ്രസക്തമായതോ ആണെന്ന് കമ്മീഷന് അഭിപ്രായമുള്ള സംഗതിയേയോ കാര്യത്തേയോ കുറിച്ച് വിവരം നല്കുവാൻ ആവശ്യപ്പെടുന്നതിന് അധികാരമുണ്ടായിരിക്കുന്നതും, ആരോടാണോ അങ്ങനെ ആവശ്യപ്പെടുന്നത്, അയാൾ ഇന്ത്യൻ ശിക്ഷാനിയമ സംഹിതയിലെ 176-ം, 177-ം വകുപ്പുകളുടെ അർത്ഥത്തിൽ അങ്ങനെയുള്ള വിവരം നല്കുന്നതിന് നിയമപ്രകാരം ബാദ്ധ്യസ്ഥനാണെന്ന് കരുതപ്പെടുന്നതും ആകുന്നു.

(3) കമ്മീഷനോ, കമ്മീഷൻ പ്രത്യേകമായി പ്രാധികാരം നല്കുന്നതും ഗസററഡ് ഉദ്യോഗസ്ഥന്റെ പദവിയിൽ താഴെയല്ലാത്തതും ആയ ഉദ്യോഗസ്ഥനോ, അന്വേഷണവിചാരണയുടെ വിഷയം സംബന്ധിച്ച ഏതെങ്കിലും അക്കൌണ്ട് ബുക്കുകളോ മററ് രേഖകളോ കണ്ടെത്തിയേക്കാമെന്ന് കമ്മീഷന് വിശ്വസിക്കാൻ കാരണമുള്ള ഏതെങ്കിലും കെട്ടിടത്തിലോ സ്ഥലത്തോ പ്രവേശിക്കാവുന്നതും, ക്രിമിനൽനടപടി നിയമസംഹിത 1898 (1898ലെ 5)-ലെ 102-ം 103-ം വകുപ്പുകളിലെ വ്യവസ്ഥകൾ ബാധകമാകുന്നിടത്തോളം അവയ്ക്കു വിധേയമായി, അങ്ങനെയുള്ള ഏതെങ്കിലും അക്കൌണ്ട് ബുക്കുകളോ രേഖകളോ പിടിച്ചെടുക്കുകയോ അവയിൽനിന്ന് എക്സ്ട്രാററുകളോ പകർപ്പുകളോ എടുക്കുകയോ ചെയ്യാവുന്നതും ആണ്.

(4) കമ്മീഷൻ ഒരു സിവിൽക്കോടതിയായി കരുതപ്പെടുന്നതും, ഇന്ത്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) യിലെ 175-ാം വകുപ്പിലോ 178-ാം വകുപ്പിലോ 179-ാം വകുപ്പിലോ 180-ാം വകുപ്പിലോ 228-ാം വകുപ്പിലോ വിവരിച്ച തരത്തിലുള്ള ഏതെങ്കിലും കുററം കമ്മിഷന് കാണാവുന്നവിധത്തിലോ കമ്മിഷന്റെ സാന്നിദ്ധ്യത്തിലോ ചെയ്യപ്പെട്ടിരിക്കുമ്പോൾ, കമ്മിഷന് ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898-ലെ 5)-ൽ വ്യവസ്ഥചെയ്ത പ്രകാരം, കുററത്തിന്റെ ഘടകമായ വസ്തുതകളും കുററാരോപണം ചെയ്യപ്പെട്ട ആളുടെ പ്രസ്താവനയും റിക്കാർഡാക്കിയതിനുശേഷം, കേസ് അത് വിചാരണചെയ്യാൻ അധികാരിതയുള്ള ഒരു മജിസ്ട്രേററിന് അയച്ചുകൊടുക്കാവുന്നതും, ഏത് മജിസ്ട്രേററിനാണോ അങ്ങനെയുള്ള ഏതെങ്കിലും കേസ് അയച്ചുകൊടുത്തിട്ടുള്ളത്, ആ മജിസ്ട്രേററ് കുററാരോപണം ചെയ്യപ്പെട്ട ആൾക്കെതിരായുള്ള പരാതി ആ കേസ് ക്രിമിനൽ നടപടി നിയമസംഹിത 1898-ലെ 482-ാം വകുപ്പിൻകീഴിൽ തനിക്ക് അയച്ചിട്ടുള്ളതായിരുന്നാലെന്നപോലെ കേൾക്കേണ്ടതും ആകുന്നു.

(5) കമ്മിഷന്റെ മുമ്പാകെയുള്ള ഏത് നടപടിയും ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) യിലെ 193-ം 228-ം വകുപ്പുകളുടെ അർത്ഥത്തിൽ ഒരു നീതിന്യായനടപടിയായി കരുതപ്പെടുന്നതാകുന്നു.

5 ക. അന്വേഷണവിചാരണ സംബന്ധിച്ചുള്ള അന്വേഷണം നടത്തുന്നതിന് ചില ഉദ്യോഗസ്ഥൻമാരുടേയും അന്വേഷണ ഏജൻസികളുടേയും സേവനം ഉപയോഗപ്പെടുത്താൻ കമ്മീഷനുള്ള അധികാരം.—(1) അന്വേഷണ വിചാരണ സംബന്ധിച്ച് ഏതെങ്കിലും അന്വേഷണം നടത്തുന്നതിനുവേണ്ടി കമ്മീഷന്,—

(ക) കേന്ദ്രഗവൺമെൻറ് നിയമിച്ച കമ്മീഷന്റെ സംഗതിയിൽ, അതതു സംഗതിപോലെ, കേന്ദ്രഗവൺമെൻറിൻേറയോ, സ്റേററ് ഗവൺമെൻറിൻേറയോ യോജിപ്പോടുകൂടി കേന്ദ്രഗവൺമെൻറിൻേറയോ ഏതെങ്കിലും സ്റേററ് ഗവൺമെൻറിൻേറയോ ഏതെങ്കിലും ഉദ്യോഗസ്ഥൻേറയോ അന്വേഷണ ഏജൻസിയുടേയോ, അല്ലെങ്കിൽ

(ഖ) സ്റേററ്ഗവൺമെൻറ് നിയമിച്ച ഏതെങ്കിലും കമ്മിഷന്റെ സംഗതിയിൽ, അതതു സംഗതിപോലെ, ആ സ്റേററ് ഗവൺമെൻറിൻേറയോ, കേന്ദ്രഗവൺമെൻറിൻേറയോ യോജിപ്പോടുകൂടി ആ സ്റേററ് ഗവൺമെൻറിൻേറയോ, കേന്ദ്രഗവൺമെൻറിൻേറയോ ഏതെങ്കിലും ഉദ്യോഗസ്ഥൻേറയോ, അന്വേഷണ ഏജൻസിയുടേയോ,

സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

(2) അന്വേഷണവിചാരണ സംബന്ധിച്ചുള്ള ഏതെങ്കിലും വിഷയത്തിന്റെ അന്വേഷണം നടത്തുന്നതിനുവേണ്ടി, (1)-ാം ഉപവകുപ്പിൻകീഴിൽ ഏത് ഉദ്യോഗസ്ഥൻേറയോ ഏജൻസിയുടേയോ സേവനമാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്, ആ ഉദ്യോഗസ്ഥനോ, ഏജൻസിക്കോ കമ്മീഷന്റെ നിദേശത്തിനും നിയന്ത്രണത്തിനും വിധേയമായി,—

(ക) ഏതെങ്കിലും ആളെ സമൺ ചെയ്യുകയും ഹാജരാക്കിപ്പിക്കുകയും വിസ്തരിക്കുകയും,

(ഖ) ഏതെങ്കിലും രേഖ വെളിപ്പെടുത്തുവാനും ഹാജരാക്കുവാനും ആവശ്യപ്പെടുകയും,

(ഗ) ഏതെങ്കിലും ആഫീസിൽനിന്ന് ഏതെങ്കിലും പബ്ലിക് റിക്കാർഡോ അതിന്റെ ഏതെങ്കിലും പകർപ്പോ ആവശ്യപ്പെടുകയും,

ചെയ്യാവുന്നതാണ്.

(3) 6-ാം വകുപ്പിലെ വ്യവസ്ഥകൾ, (1)-ാം ഉപവകുപ്പിൻകീഴിൽ ഏത് ഉദ്യോഗസ്ഥൻേറയോ ഏജൻസിയുടേയോ സേവനമാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്, ആ ഉദ്യോഗസ്ഥന്റെയോ ഏജൻസിയുടേയോ മുമ്പാകെ ഒരാൾ ചെയ്യുന്ന ഏതെങ്കിലും പ്രസ്താവന സംബന്ധിച്ച്, അവ കമ്മീഷന്റെ മുമ്പാകെ തെളിവ് നല്കുന്നതിനിടയിൽ ഒരാൾ ചെയ്യുന്ന ഏതെങ്കിലും പ്രസ്താവന സംബന്ധിച്ച് ബാധകമാകുന്നതുപോലെ ബാധകമാകുന്നതാണ്.

(4) (1)-ാം ഉപവകുപ്പിൻ കീഴിൽ ഏത് ഉദ്യോഗസ്ഥൻേറയോ ഏജൻസിയുടേയോ സേവനമാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്, ആ ഉദ്യോഗസ്ഥനോ ഏജൻസിയോ ആ അന്വേഷണവിചാരണ സംബന്ധിക്കുന്ന ഏത് വിഷയത്തെക്കുറിച്ചും അന്വേഷണം നടത്തുകയും കമ്മീഷൻ ഇതിലേയ്ക്ക് വിനിർദ്ദേശിക്കുന്ന കാലത്തിനുള്ളിൽ അതിന്റെ ഒരു റിപ്പോർട്ട് (ഇതിനുശേഷം ഈ വകുപ്പിൽ അന്വേഷണറിപ്പോർട്ട് എന്ന് പരാമർശിക്കപ്പെടുന്നത്) സമർപ്പിക്കുകയും ചെയ്യേണ്ടതാകുന്നു.

(5) (4)-ാം ഉപവകുപ്പിൻകീഴിൽ കമ്മീഷന് സമർപ്പിക്കപ്പെട്ട അന്വേഷണ റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ള വസ്തുതകളും, ഏതെങ്കിലും തീരുമാനങ്ങളിൽ എത്തിയിട്ടുണ്ടെങ്കിൽ അവയും ശരിയായതാണെന്ന് കമ്മീഷൻ സ്വയം ബോദ്ധ്യം വരുത്തേണ്ടതും, ഇതിനുവേണ്ടി കമ്മീഷന് യുക്തമെന്ന് തോന്നുന്ന അന്വേഷണം (അന്വേഷണം നടത്തിയതോ നടത്തുന്നതിൽ സഹായിച്ചതോ ആയ ആളേയോ ആളുകളേയോ വിസ്തരിക്കുന്നതുൾപ്പെടെ) നടത്താവുന്നതും ആണ്.

6. ആളുകൾ കമ്മീഷന് നല്കുന്ന പ്രസ്താവനകൾ.—കമ്മീഷൻെറ മുമ്പാകെ തെളിവ് നല്കുന്നതിനിടയിൽ ഒരാൾ ചെയ്യുന്ന യാതൊരു പ്രസ്താവനയും, അങ്ങനെയുള്ള പ്രസ്താവനവഴി വ്യാജമായ തെളിവ് നല്കിയതിനുള്ള ഒരു പ്രോസിക്യൂഷനല്ലാതെ ഏതെങ്കിലും സിവിലോ ക്രിമിനലോ ആയ നടപടിക്ക് അയാളെ വിധേയനാക്കുന്നതോ, അങ്ങനെയുള്ള നടപടിയിൽ അയാൾക്കെതിരായി ഉപയോഗിക്കുവാൻ പാടുള്ളതോ അല്ല :

എന്നാൽ, അതിന് ആ പ്രസ്താവന—

(ക) കമ്മീഷൻ അയാളോട് ഉത്തരം പറയുവാൻ ആവശ്യപ്പെട്ട ഒരു ചോദ്യത്തിന് മറുപടിയായി നല്കപ്പെട്ടതോ അല്ലെങ്കിൽ,

(ഖ) അന്വേഷണ വിചാരണയുടെ വിഷയത്തിന് പ്രസക്തമായതോ, ആയിരിക്കണം.

6ക. ചില സംഗതികളിൽ സാമാനങ്ങളുടെ നിർമ്മാണത്തിൻെറ രഹസ്യപ്രക്രിയ വെളിപ്പെടുത്തുവാൻ ആളുകൾക്ക് കടപ്പാടില്ലെന്ന്.—ഒരു കമ്മിഷനോട് ഏതെങ്കിലും സാമാനങ്ങളുടെ നിർമ്മാണ പ്രക്രിയയെക്കുറിച്ച് അന്വേഷണ വിചാരണ നടത്തുവാൻ പ്രകടമായി ആവശ്യപ്പെടുന്ന സംഗതികളിലൊഴികെ, ഈ ആക്ററിലെ യാതൊന്നും അവയുടെ നിർമ്മാണത്തിൻെറ, ഏതെങ്കിലും രഹസ്യപ്രക്രിയ വെളിപ്പെടുത്തുവാൻ കമ്മീഷൻെറ മുമ്പാകെ തെളിവുനല്കുന്ന ഏതെങ്കിലും ആളെ നിർബന്ധിക്കുന്നതായി കരുതപ്പെടുന്നതല്ല.

7. നിലവിലില്ലാതാകുമെന്ന് വിജ്ഞാപനം ചെയ്യുമ്പോൾ കമ്മീഷൻ നിലവിലില്ലാതാകുമെന്ന്.—(1) സമുചിത ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി,—

(ക) (അതതു സംഗതിപോലെ ലോകസഭയോ, സ്റേററ് നിയമസഭയോ പാസ്സാക്കിയ പ്രമേയത്തിന് അനുസൃതമായി നിയമിക്കപ്പെട്ട കമ്മീഷൻ അല്ലാത്ത) ഒരു കമ്മീഷൻ നിലവിലില്ലാതാകുമെന്ന്, അതിൻെറ തുടർന്നുള്ള നിലനില്പ് അനാവശ്യമാണെന്ന് സമുചിത ഗവൺമെൻറിന അഭിപ്രായമുള്ള പക്ഷവും,

(ഖ) അതതുസംഗതിപോലെ ലോകസഭയോ സ്റേററ് നിയമസഭയോ പാസ്സാക്കിയ പ്രമേയത്തിന് അനുസൃതമായി നിയമിക്കപ്പെട്ട കമ്മീഷൻ നിലവിലില്ലാതാകുമെന്ന കമ്മീഷൻതുടരാതിരിക്കുന്നതിനുള്ള ഒരുപ്രമേയം അതതു സംഗതിപോലെ ലോകസഭയോ സ്റേററ് നിയമസഭയോ പ്രമേയം പാസ്സാക്കുന്ന പക്ഷവും,

പ്രഖ്യാപിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിക്കുന്ന ഏതൊരു വിജ്ഞാപനവും, ഏതു തീയതി മുതല്ക്കാണോ കമ്മീഷൻ നിലവിലില്ലാതാകുന്നത്, ആ തീയതി വിനിർദ്ദേശിക്കേണ്ടതും, അങ്ങനെയുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിൻമേൽ, അതിൽ വിനിർദ്ദേശിച്ച തീയതി മുതൽ കമ്മീഷൻ നിലവിലില്ലാതാകുന്നതുമാണ്.

8. കമ്മീഷൻ അനുവർത്തിക്കേണ്ട നടപടിക്രമം.—കമ്മീഷന്, സ്വന്തം നടപടിക്രമം (അത് കൂടുന്ന സ്ഥലങ്ങളും സമയവും നിശ്ചയിക്കുന്നതും യോഗം ചേരുന്നതു പബ്ലിക്കായാണോ സ്വകാര്യമായാണോ കൂടേണ്ടതെന്ന് തീരുമാനിക്കുകയും ചെയ്യുന്നതുൾപ്പെടെ) ക്രമപ്പെടുത്തുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

8ക. കമ്മീഷന്റെ ഘടനയിലുള്ള ഒഴിവോ, വ്യത്യാസമോ കാരണമായി അന്വേഷണവിചാരണയ്ക്ക് വിച്ഛേദം വരുന്നതല്ലെന്ന്.—(1) കമ്മീഷൻ രണ്ടോ അതിലധികമോ അംഗങ്ങൾ അടങ്ങിയതായിരിക്കുന്നിടത്ത്, അതിന് ചെയർമാനോ മറ്റേതെങ്കിലും അംഗമോ അസന്നിഹിതനാവുകയോ അതിന്റെ അംഗങ്ങളിൽ ഏതെങ്കിലും ഒഴിവുണ്ടാകുകയോ ചെയ്തിരുന്നാലും, പ്രവർത്തിക്കാവുന്നതാണ്.

(2) കമ്മീഷന്റെ മുമ്പാകെയുള്ള ഒരു അന്വേഷണവിചാരണക്കിടയിൽ, ഏതെങ്കിലും ഒഴിവ് നികത്തിയതുകാരണമായോ, മറ്റേതെങ്കിലും കാരണത്താലോ, കമ്മീഷന്റെ ഘടനയിൽ ഒരു മാറ്റം സംഭവിച്ചിട്ടുള്ളിടത്ത്, കമ്മീഷന് അന്വേഷണവിചാരണ പുതിയതായി ആരംഭിക്കുന്നത് ആവശ്യകമല്ലാത്തതും, മാറ്റമുണ്ടായ ഘട്ടത്തിൽനിന്ന് അന്വേഷണവിചാരണ തുടരാവുന്നതും ആണ്.

8ഖ ആരെ ദോഷകരമായി ബാധിക്കുമോ അവർ കേൾക്കപ്പെടണമെന്ന്.—അന്വേഷണവിചാരണയുടെ ഏതെങ്കിലും ഘട്ടത്തിൽ,—

(ക) ഏതെങ്കിലും ആളുടെ സ്വഭാവത്തെക്കുറിച്ച് അന്വേഷണവിചാരണ നടത്തുന്നത് ആവശ്യകമാണെന്ന് കമ്മീഷൻ കരുതുകയോ, അല്ലെങ്കിൽ

(ഖ) അന്വേഷണ വിചാരണ ഏതെങ്കിലും ആളുടെ ഖ്യാതിയെ ദോഷകരമായി ബാധിക്കുവാൻ ഇടയുണ്ടെന്ന് കമ്മീഷന് അഭിപ്രായമുണ്ടായിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, കമ്മീഷൻ അന്വേഷണവിചാരണയിൽ കേൾക്കപ്പെടാനും തന്റെ പ്രതിവാദത്തെളിവ് ഹാജരാക്കുവാനും അയാൾക്ക് ന്യായമായ അവസരം നല്കേണ്ടതാകുന്നു :

എന്നാൽ ഈ വകുപ്പിലെ യാതൊന്നും ഒരു സാക്ഷിയുടെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്നിടത്ത് ബാധകമാകുന്നതല്ല.

8ഗ. എതിർ വിസ്താരത്തിനും അഭിഭാഷകനാൽ പ്രതിനിധാനം ചെയ്യപ്പെടുവാനും ഉള്ള അവകാശം.—സമുചിത ഗവൺമെന്റിനും, 8 ഖ വകുപ്പിൽ പരാമർശിക്കപ്പെട്ട ഏതൊരാൾക്കും, കമ്മീഷന്റെ അനുവാദത്തോടുകൂടി, കമ്മീഷൻ തെളിവ് റിക്കാർഡാക്കുന്ന മറ്റേതെങ്കിലും ആൾക്കും,—

(ക) ആ ഗവൺമെന്റോ അയാളോ ഹാജരാക്കുന്ന സാക്ഷിയല്ലാത്ത ഏതെങ്കിലും സാക്ഷിയെ എതിർ വിസ്താരം ചെയ്യുകയും,

(ഖ) കമ്മീഷനെ അഭിസംബോധന ചെയ്യുകയും,

(ഗ) കമ്മീഷന്റെ മുമ്പാകെ ഒരു അഭിഭാഷകനാലോ കമ്മീഷന്റെ അനുവാദത്തോടുകൂടി, മറ്റേതെങ്കിലും ആളാലോ പ്രതിനിധാനം ചെയ്യപ്പെടുകയും, ചെയ്യാവുന്നതാണ്.

9. ഉത്തമവിശ്വാസപൂർവ്വം എടുക്കുന്ന നടപടിയുടെ രക്ഷണം.—സമുചിത ഗവൺമെൻറിനോ, കമ്മീഷനോ, അതിൻെറ ഏതെങ്കിലും അംഗത്തിനോ, സമുചിത ഗവൺമെൻറിൻേറയോ കമ്മീഷൻേറയോ നിദേശത്തിൻകീഴിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും ആൾക്കോ എതിരായി, ഈ ആക്ററിനോ, അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടങ്ങൾക്കോ ഉത്തരവുകൾക്കോ അനുസൃതമായോ, അല്ലെങ്കിൽ സമുചിത ഗവൺമെൻറിൻേറയോ കമ്മീഷൻേറയോ പ്രാധികാരപ്രകാരമോ പ്രാധികാരത്തിൻ കീഴിലോ ഏതെങ്കിലും റിപ്പോർട്ടോ, പത്രമോ, നടപടികളോ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ചോ, ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിച്ചതോ, ആയ എന്തെങ്കിലും സംബന്ധിച്ച് യാതൊരു വ്യവഹാരമോ മററ് നിയമനടപടിയോ നിലനില്ക്കുന്നതല്ല.

10. അംഗങ്ങളും മററും പബ്ലിക്ക് സർവൻറുമാരായിരിക്കുമെന്ന്.—കമ്മീഷനിലെ ഏതൊരു അംഗവും ഈ ആക്ററിൻ കീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുവാൻ കമ്മീഷൻ നിയമിക്കുന്നതോ പ്രാധികാരം നല്കുന്നതോ ആയ ഏതൊരു ഉദ്യോഗസ്ഥനും ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) യിലെ 21-ാം വകുപ്പിൻെറ അർത്ഥത്തിൽ പബ്ലിക് സർവൻറായി കരുതപ്പെടുന്നതാകുന്നു.

10ക. കമ്മീഷനോ അതിലെ ഏതെങ്കിലും അംഗത്തിനോ അപഖ്യാതി ഉണ്ടാക്കണമെന്ന് കണക്കാക്കിക്കൊണ്ടുള്ള കൃത്യങ്ങൾക്കുള്ള ശിക്ഷ.—

(1) കമ്മീഷനോ അതിലെ ഏതെങ്കിലും അംഗത്തിനോ അപഖ്യാതി ഉണ്ടാക്കണമെന്ന് കണക്കാക്കിക്കൊണ്ട് ഏതെങ്കിലും ആൾ, പറയപ്പെടുന്നതോ വായിക്കണമെന്ന് ഉദ്ദേശിക്കപ്പെടുന്നതോ ആയ വാക്കുകളാൽ ഏതെങ്കിലും പ്രസ്താവന ചെയ്യുകയോ പ്രസിദ്ധീകരിക്കുകയോ അല്ലെങ്കിൽ മറേറതെങ്കിലും കൃത്യം ചെയ്യുകയോ ചെയ്യുന്നു എങ്കിൽ, അയാൾ ആറുമാസത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള വെറും തടവോ, പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) ക്രിമിനൽ നടപടി നിയമസംഹിത, 1898-ലെ 198 ഖ വകുപ്പിലെ വ്യവസ്ഥകൾ, (1)-ാം ഉപവകുപ്പിൻ കീഴിലുള്ള കുററംസംബന്ധിച്ച്, അവ മേല്പറഞ്ഞ 198ഖ വകുപ്പിലെ (1)-ാം ഉപവകുപ്പിൽ പരാമർശിച്ച കുററം സംബന്ധിച്ച് ബാധകമാകുന്നതുപോലേയും പബ്ലിക്ക് പ്രാസിക്യൂട്ടർ അങ്ങനെയുള്ള കുററം സംബന്ധിച്ച് യാതൊരു പരാതിയും,—

(ക) കേന്ദ്ര ഗവൺമെൻറ് നിയമിച്ച കമ്മീഷൻേറയോ, കമ്മീഷനംഗത്തിൻേറയോ സംഗതിയിൽ, കേന്ദ്ര ഗവൺമെൻറിൻേറയോ,

(ഖ) സ്റേററ് ഗവൺമെൻറ് നിയമിച്ച കമ്മീഷൻേറയോ, കമ്മീഷനംഗത്തിൻേറയോ സംഗതിയിൽ സ്റേററ് ഗവൺമെൻറിൻേറയോ,

മുൻകൂട്ടിയുള്ളഅനുമതികൂടാതെ ബോധിപ്പിക്കാൻ പാടുള്ളതല്ലെന്ന രൂപഭേദത്തിന് വിധേയമായും ബാധകമാകുന്നതാണ്.

11. അന്വേഷണവിചാരണ നടത്തുന്ന മററ് അധികാരസ്ഥാനങ്ങൾക്ക് ആക്ററ് ചില സംഗതികളിൽ ബാധകമാകുമെന്ന്.—പൊതുപ്രാധാന്യമുള്ള ഏതെങ്കിലും നിശ്ചിത വിഷയത്തെക്കുറിച്ച് അന്വേഷണവിചാരണ നടത്തുന്നതിനു വേണ്ടി3-ാം വകുപ്പിൻ കീഴിൽ നിയമിക്കപ്പെട്ട ഒരു കമ്മീഷനല്ലാത്ത ഏതെങ്കിലും അധികാരസ്ഥാനം (ഏതു നാമത്തിൽ ഉള്ളതായാലും) സമുചിത ഗവൺമെൻറിൻെറ ഏതെങ്കിലും തീരുമാനത്തിനോ ഉത്തരവിനോ കീഴിൽ ഏർപ്പെടുത്തിയിരിക്കുകയോ ഏർപ്പെടുത്തുകയോ ചെയ്യുകയും, ഈ ആക്ററിലെ എല്ലാ

വ്യവസ്ഥകളുമോ അവയിൽ ഏതെങ്കിലുമോ ആ അധികാരസ്ഥാനത്തിന ബാധകമാക്കേണ്ടതാണെന്ന് ആ ഗവൺമെൻറിന് അഭിപ്രായമുണ്ടായിരിക്കുകയും ചെയ്യുന്നിടത്ത്, ആ ഗവൺമെൻറിന് ഈ ആക്ററിലെ മുൻപറഞ്ഞ വ്യവസ്ഥകൾ ആ അധികാരസ്ഥാനത്തിന് ബാധകമാകുമെന്ന് 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ പരിമിതി വ്യവസ്ഥയിൽ അടങ്ങിയിട്ടുള്ള നിരോധനത്തിന് വിധേയമായി, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിൻമേൽ, ആ അധികാരസ്ഥാനം ഈ ആക്ററിൻെറ ആവശ്യങ്ങൾക്കുവേണ്ടി 3-ാം വകുപ്പിൻകീഴിൽ നിയമിക്കപ്പെട്ട ഒരു കമ്മീഷനായി കരുതപ്പെടുന്നതും ആകുന്നു.

12. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) സമുചിത ഗവൺമെൻറിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്ററിൻെറ ആവശ്യങ്ങൾ നടപ്പാക്കുവാൻവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്ക് ഭംഗംവരാതേയും, ആ ചട്ടങ്ങൾക്ക് താഴെപറയുന്ന എല്ലാ വിഷയങ്ങൾക്കുമോ അവയിൽ ഏതെങ്കിലും വിഷയത്തിനോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത് :—

(ക) കമ്മീഷനംഗങ്ങളുടെ ഉദ്യോഗകാലാവധിയും സേവനവ്യവസ്ഥകളും,

(ഖ) ഈ ആക്ററിൻകീഴിൽ അന്വേഷണ വിചാരണകൾ നടത്താവുന്ന രീതിയും, കമ്മീഷൻ അതിൻെറ മുമ്പാകെയുള്ള നടപടികൾ സംബന്ധിച്ച് അനുവർത്തിക്കേണ്ട നടപടിക്രമവും,

(ഗ) കമ്മീഷനിൽ നിക്ഷിപ്തമാക്കാവുന്ന, സിവിൽക്കോടതി അധികാരങ്ങൾ,

(ഘ) നിർണ്ണയിക്കപ്പെടേണ്ടതോ, നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറേറതെങ്കിലും വിഷയം.

(3) ഈ വകുപ്പിൻകീഴിൽ കേന്ദ്ര ഗവൺമെൻറ് ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ അതിൻെറ ഓരോ സഭയുടേയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, ഏത് സമ്മേളനത്തിലാണോ അത് അപ്രകാരം വച്ചിട്ടുള്ളത്, ആ സമ്മേളനമോ അതിന് തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് ഇരു സഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരു സഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം, ആ ചട്ടത്തിന്, അതതു സംഗതിപോലെ, രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും, ആകുന്നു; എന്നാൽ അത് അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പുചെയ്യപ്പെട്ടിട്ടുള്ള എന്തിൻേറയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കുന്നതാണ്.